പോലീസ് കോൺസ്റ്റബിൾമാരുടെ സേവന കാലാവധി

250 (258) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് കോൺസ്റ്റബിൾ അടക്കമുള്ള ഉദ്യോഗസ്ഥന്മാർ ഇത്ര വർഷമേ തുടർച്ചയായി ഒരു പോലീസ് സ്റ്റേഷനിൽ ജോലി ചെയ്യാൻ പാടുള്ളൂ എന്ന് നിയമം ഉണ്ടോ; എങ്കിൽ പ്രസ്തുത കാലാവധി എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ചില സ്ഥലങ്ങളിൽ ഒന്നോ രണ്ടോ കിലോമീറ്ററിനുള്ളിൽ രണ്ടു പോലീസ് സ്റ്റേഷനുകൾ ഉണ്ടാകാം , ഇത്തരം പോലീസ് സ്റ്റേഷനുകളിൽ ജോലി ചെയ്യുന്നവരെ വർഷങ്ങൾക്ക് ശേഷം പരസ്പരം മാറ്റിയാൽ ഒരാൾ തുടർച്ചയായി ഒരേ സ്ഥലത്ത് ജോലി ചെയ്യാൻ പാടില്ലെന്ന വ്യവസ്ഥ നിറവേറ്റപെടുമോ ;

(സി) കാസർകോട് ജില്ലയിലെ കാസർകോട് ഠൗൺ വിദ്യാനഗറിൽ ബദിയടുക്ക, ആദൂർ, കാസർകോട് ട്രാഫിക് എന്നീ പോലീസ് സ്റ്റേഷനുകളിൽ ഇപ്പോൾ ജോലി ചെയ്ത് വരുന്ന സബ് ഇൻസ്പെക്ടർമാർ അടക്കമുള്ളവരുടെ പേരുവിവരങ്ങളും അവർ അതാത് പോലീസ് സ്റ്റേഷനുകളിൽ ഇപ്പോൾ തുടർച്ചയായി സേവനം ചെയ്തുവരുന്നതും മുമ്പ് സേവനം ചെയ്തതുമായ കാലാവധി എത്രയാണ് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. ഒരു പോലീസ് സ്റ്റേഷനിൽ തുടർച്ചയായി ജോലി ചെയ്യുവാൻ പറ്റുന്ന കാലയളവ് സാധാരണഗതിയിൽ 3 വർഷമാണ്.

(ബി) ഇല്ല. 27-4-2000 തീയതിയിലെ സർക്കാർ ഉത്തരവ് (പി) നമ്പർ 13/2000 പ്രകാരം ഒരു ജില്ലയിലെ 15 കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശങ്ങളിൽ ഉള്ള സർവ്വീസുകൾ ഒരു സ്റ്റേഷനിലെ സർവ്വീസായി കണക്കാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം ഒരാൾ തുടർച്ചയായി ഒരേ സ്ഥലത്ത് ജോലിചെയ്യുവാൻ പാടില്ല എന്ന വ്യവസ്ഥ നിറവേറ്റുവാൻ സാധിക്കുന്നതാണ്.

(സി) വിശദവിവരം പോലീസ് സ്റ്റേഷൻ തിരിച്ച് ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly